Lesson-35
പാഠം-35

# അപ്പോസ്തലനായ പൌലൊസ്
# Paul The Apostle

ചിത്രത്തിന് നിറം കൊടുക്കുക
Colour the picture



**തേൻകണം**
**Honey Comb**

സുവിശേഷത്തെക്കറിച്ച് എനിക്ക് ലജ്ജയില്ല.
വിശ്വസിക്കുന്ന ഏവനും ആദ്യം യഹൂദനും പിന്നെ യവനനും
അതു രക്ഷയ്ക്കായി ദൈവശക്തിയാകുന്നുവല്ലോ. റോമർ 1:16

For I am not ashamed of the Gospel of Christ.
For it is the power of God unto salvation to everyone that believe.
To the Jews first and the Greeks. Rom. 1:16

പാഠഭാഗം അപ്പോ:പ്രവൃ 9:1–25

സ്തേഫാനോസ് രക്തസാക്ഷിയായപ്പോൾ അവനെ കല്ലെറിഞ്ഞവരുടെ വസ്ത്രം സൂക്ഷിക്കുന്ന ആളായിരുന്നു ശൌൽ. താൻ വിദ്യാസമ്പന്നനും സാമ്പത്തിക സൗകര്യമുള്ളവനും തീഷ്ണത യോടെ യഹൂദാ പാരമ്പര്യം സൂക്ഷിച്ച് ക്രിസ്തുവിന്റെയും ക്രിസ്ത്യാനികളുടെയും ബദ്ധശത്രു വുമായിരുന്നു. സ്തേഫാനോസിന്റെ ശക്തമായ പ്രസംഗവും ദൈവദൂതന്റെ മുഖം പോലെ അവന്റെ മുഖം പ്രകാശിക്കുന്നതും സ്തേഫാനോസ് ധൈര്യപൂർവ്വം മരണത്തെ അഭിമുഖീകരി ക്കുന്നതിനുമൊക്കെ ശൗൽ ദൃക്സാക്ഷിയായിരുന്നു. ഇതൊക്കെ ശൗലിന്റെ ഹൃദയത്തെ സ്വാധീ നിച്ചെങ്കിലും ക്രിസ്ത്യാനികളെ നിരന്തരം പീഡിപ്പിച്ചുകൊണ്ടിരുന്നു. തന്മൂലം ദൈവമക്കൾ യെരുശലേമിൽ നിന്നും ചിതറിപോകേണ്ടി വന്നു.

യെരുശലേമിൽ നിന്ന് 240 കി.മി ദൂരെ ദമസ്ക്കൊസിലേക്കു ഓടിപ്പോയ ക്രിസ്തൃനികളെ കൊല്ലുന്നതിനുള്ള അധികാരപത്രം മഹാപുരോഹിതനിൽ നിന്നും വാങ്ങി അവിടേക്കു പോകുന്ന ശൌൽ. തന്റെ കൂടെ ആവശ്യമായ ആളും സന്നാഹങ്ങളുമൊക്കെയുണ്ട്. ശുഷ്കാന്തി യോടെ ക്രിസ്ത്യാനികളെ നശിപ്പിക്കുന്നതിൽ നിർവൃതി കണ്ടെത്തുന്ന ശൌൽ ദമസ്ക്കൊ സിനു സമീപിച്ചപ്പോൾ പെട്ടെന്ന് ആകാശത്തു നിന്നു ഒരു  വെളിച്ചം ചുറ്റി മിന്നി. അവൻ കുതിര പ്പുറത്തു നിന്നും താഴെ വീണു. “ശൌലേ ശൌലേ നീ എന്നെ ഉപദ്രവിക്കുന്നതെന്ത് ” എന്നൊരു ശബ്ദം തന്നോടു സംസാരിച്ചു. “ നീ ആരാകുന്നു കർത്താവേ ” എന്നു ശൌൽ ചോദിച്ചപ്പോൾ ലഭിച്ച മറുപടി “ നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ” നീ എഴുന്നേറ്റു പട്ടണത്തിൽ ചെല്ലുക. നീ എന്തു ചെയ്യണമെന്നു ഞാൻ അപ്പോൾ പറയാം. കൂടെ വന്നവർ ശബ്ദം കേട്ടെ ങ്കിലും ആരെയും കാണാതെ മരവിച്ചു നിന്നു. വലിയ വെളിച്ചം മിന്നിയതിനാൽ ശൌൽ കാഴ്ച യില്ലാത്തവനായി മൂന്നു ദിവസം തിന്നുകയോ കുടിക്കുകയോ ചെയ്യാതെ യൂദയുടെ വീട്ടിൽ കഴി യേണ്ടി വന്നു.ശൗൽ താൻ ഇതു വരെ ചെയ്തിരുന്നതു ദോഷമെന്നു മനസിലാക്കി യേശുവിനെ രക്ഷകനായി സ്വീകരിച്ചു.

അനന്യാസ് എന്ന ദൈവഭൃത്യൻ ശൌലിനെക്കുറിച്ച് ദൈവാലോചന ലഭിച്ചതിനാൽ  യൂദയുടെ വീട്ടിൽ എത്തി. ശൌലിനായി പ്രാർത്ഥിച്ചു. ശൌൽ ക്രിസ്ത്യാനികളെ ദ്രോഹിച്ച കാര്യം അന ന്യാസിനു അറിയാമായിരുന്നു എങ്കിലും ദൈവാലോചനപ്രകാരം ശൌലിനു വേണ്ടി  പ്രാർത്ഥി ച്ചപ്പോൾ അവനു സൗഖ്യം വന്നു. കാഴ്ച തിരികെ കിട്ടി. അനന്യാസ് അവനെ സ്നാനപ്പെടുത്തി. തുടർന്നാണ് ശൌൽ ആഹാരം പോലും കഴിച്ചത്. പിന്നെ ശൌൽ യേശുവിനു സാക്ഷിയായി.

ഈ ശൌലിനു പൌലോസ് എന്നു പേരുണ്ട്. ആദിമ സഭാകാലത്ത് 3-ാം സ്വർഗ്ഗത്തോളം എടു ക്കപ്പെട്ടു. ക്രിസ്തീയ സഭയുടെ ഉപദേശങ്ങളും പരിശുദ്ധാത്മ ശക്തിയുടെ പ്രദർശനങ്ങളും നമു ക്ക് മനസിലായത് തന്നിലൂടെയാണ്. പതിനാലു പുസ്തകങ്ങളാണ് വേദപുസ്തകത്തിൽ തന്റേ തായിട്ടുള്ളത്.കർത്താവിന്റെ ഈ ശ്രേഷ്ഠ അപ്പോസ്തലൻ ലോകജാതികളുടെ ഇടയിൽ  യാത്ര ചെയ്ത് ക്രിസ്തീയ സാക്ഷ്യം നിർവഹിക്കുന്നതിൽ ഏറെ ഉപയോഗിക്കപ്പെട്ടു.

**സന്ദേശം: ദൈവം ഹൃദയത്തിൽ പ്രവർത്തിക്കുമ്പോൾ യഥാർത്ഥ മാറ്റം ഉണ്ടാകും. ക്രിസ്തു വിരോധി ക്രിസ്തു സാക്ഷിയായി മാറി. ദൈവീക പ്രവർത്തനത്തിനായി നമ്മെ ഏൽപ്പിച്ചു കൊടുക്കാം.**

## Reading Portion: Acts. 9: 1 – 25,

Saul was a young man, who kept the cloaks of those who stoned Stephen. He was well educated, rich, and kept strong traditional Jewish principles and was a staunch enemy of the Christians. He was eyewitness to the spirit filled speech of Stephen and had seen his face shining like that of an Angel. He witnessed Stephen courageously facing death. Though all these touched his heart, he was submitted to persecuting Christians. Because of this, Christians scattered to many places.

Saul, collected from the high priest, the official authority to slaughter Christians in Damascus, 240 Km from Jerusalem. He was well prepared with men and all what was needed, and found satisfaction in persecuting Christians. While travelling with this

authority and just when he was about to reach Damascus, a light shined suddenly around him from heaven and he fell to the earth. He heard a voice 'Saul, Saul', why are you persecuting me'? He asked, “Who are you Lord”? The sound replied, “I am Jesus whom you are persecuting”. The Lord said again. “You rise up and go into the city, I'll tell you what to do then”. The men who were with Saul stood speechless though they too heard the voice. Because of the very bright light shown on him, Soul could not see. For three days he did not eat or drink. Soul understood that what he was doing so far was foolishness and he accepted Christ as his saviour.

Ananias who was a true servant of God and seeing a vision came to Jude's house to meet Saul and prayed for him. Though Ananias knew Saul had destroyed lot of Christians, he prayed for him as per God's guidance. Saul was healed and regained his eyesight and was baptized. Then Saul had food and later he became a witness of Jesus.

This Saul is the same Paul. The Holy Spirit revealed most of the doctrines of the church and the powerful display of the Holy Spirit through this blessed servant of God. Fourteen books he has written in the Bible. He was taken up to the third heaven. This great Apostle, who once persecuted the church, was caught by God and he travelled extensively among the gentiles in most of the parts of the then world and witnessed for the Lord. God used him mightily for the widening of his kingdom.

**Message: The actual change in a man occurs when God touches the heart. Christ's enemy became Christ's witness; let us submit ourselves for the Lords touch.**

പ്രവർത്തനം Activity

**സ്വഭാവം അടയാളപ്പെടുത്തുക**

**Mark the character**

**ശൗൽ/Saul**



**പൗലൂസ്/Paul**



ക്രിസ്തുവിരോധി - **Anti christian**

എല്ലാവരെയും സ്നേഹിക്കുന്നവൻ- **Loves everyone**

മനസ്സലിവ് - **Compassion**

കുരണ - **Kindness**

ഉപദ്രപിക്കുന്നവൻ - **Persecutor**

നല്ല സാക്ഷി - **Good Witness**

കൊല്ലുന്നവൻ - **Killer**

ശൗലിന് അനന്യാസിന്റെ അടുത്ത് എത്താൻ വഴി
കണ്ടുപിടിച്ച് വഴി കളർ ചെയ്യൂ...

Find out and colour the way for Paul
to reach Ananias







**ഓർമ്മച്ചെപ്പ്**
**Memory C**



1. യേശു ദർശനത്തിൽ പൌലോസിനോടു പറഞ്ഞതെന്ത്?
   What did Jesus tell Paul in the vision ?

2. അനന്യാസ് ശൌലിനു വേണ്ടി ചെയ്തതെന്തൊക്കെ?
   What did Ananias do for Saul ?

3. അപ്പോസ്തലനായ പൌലോസിന്റേതായി അറിയപ്പെടുന്ന പുസ്തക ങ്ങൾ കണ്ടെത്തുക?
   Find out the books written by Paul ?